بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Summary 19.06.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**19.06.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം**

### തഖ്‌വ നമ്മുടെ മനസ്സുകളിൽ ശക്തമായി നിലയുറക്കട്ടെ.
### അല്ലാഹുവിനോടുള്ള സ്നേഹവും അനുരക്തിയും നമ്മുടെ ആഹാരമായിത്തീരട്ടെ.
### നമ്മുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തിക്കനുസൃതമാകട്ടെ.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഇന്ന് ജുമുആയുടെ അനുഗൃഹീത ദിവസമാണ്. റമളാനിന്റെ അനുഗൃഹീത മാസത്തിന്റെ ആദ്യത്തെ നോമ്പാണ്. അതിനാൽ ഇന്നത്തെ ദിവസം അസംഖ്യം അനുഗ്രഹങ്ങളോടുകൂടി ആരംഭിക്കുന്ന ദിവസമാണ്. നബി (സ) തിരുമേനി ജുമുആയുടെ അനുഗൃഹീത ദിവസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സുവാർത്ത അറിയിച്ചിട്ടുണ്ട്. മുഅ്മിൻ തന്റെ റബ്ബിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യുമ്പോൾ അത് സ്വീകരിക്കപ്പെടുന്ന അതിമഹത്തായ ഒരു നിമിഷമുണ്ട് അതിലെന്ന് നബി (സ) സുവാർത്ത അറിയിക്കുകയുണ്ടായി. ഇത് എന്നെന്നേക്കുമുള്ള സുവാർത്തയാണ്. പിന്നീട് റമളാനെ കുറിച്ച് നബി (സ) തിരുമേനി പറഞ്ഞു: റമാളാൻ മാസം സമാഗതമാകുമ്പോൾ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുന്നു. നരകകവാടങ്ങൾ അടക്കപ്പെടുന്നു.

അല്ലാഹുവിന്റെ കാരുണ്യം ഈ മാസത്തിൽ അലയടിച്ചുയരുന്നു. മുഅ്മിനീംകളുടെമേൽ അല്ലാഹുവിന്റെ കാരുണ്യങ്ങളുടേയും അനുഗ്രഹങ്ങളുടേയും മഴ വർഷിക്കുന്നു. പക്ഷേ, ഇതിനോടൊപ്പം നബി (സ) തിരുമേനി ഈ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടി ചില നിബന്ധനകളും വിവരിക്കുകയുണ്ടായി. ഈ മാസത്തിൽ വ്യർഥമായ സംസാരങ്ങൾ ഉണ്ടാകരുത്. ബഹളങ്ങളും ഉപദ്രവങ്ങളും ഉണ്ടാകരുത്. ചീത്തപറച്ചിലും അടിപിടിയും ഉണ്ടാകരുത്. ഓരോ തിന്മക്കെതിരേയും നോമ്പുകാരനിൽ നിന്നുണ്ടാകേണ്ട മറുപടി “ഞാൻ നോമ്പുകാരനാണ്, ഞാൻ അല്ലാഹുവിനുവേണ്ടി ഈ ഉപദ്രവങ്ങളിൽ നിന്ന് അകന്നു നില്ക്കുകയാണ്”എന്നതായിരിക്കണം. ഈ അവസ്ഥ ഉണ്ടാകുമ്പോൾ യഥാർഥമായ നിലയിൽ നോമ്പിന്റെ അറിവും ഉണ്ടാകും. മനുഷ്യൻ അല്ലാഹുവിനുവേണ്ടി ഈ മാസത്തിൽ അവന്റെ കല്പനകളനുസരിച്ച് തന്റെ ജീവിതം കഴിക്കാൻ ശ്രമിക്കുമ്പോഴാണ് നോമ്പാകുന്നത്. റമളാൻ മാസത്തിന്റെ പ്രാധാന്യമെന്താണ്? ആർക്കാണ് നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്? എങ്ങനെയാണ് നോമ്പ് പിടിക്കേണ്ടത്? എന്തെല്ലാം നിബന്ധനകളാണുള്ളത്? അല്ലാഹു അതിനെ ദുആ സ്വീകാര്യതയുമായി എങ്ങനെയാണ് ബന്ധിപ്പിച്ചിട്ടുള്ളത്? തുടങ്ങിയ കാര്യങ്ങളെ കുറിച്ചും പറഞ്ഞിരിക്കുന്നു. **വ ഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബ് ഉജീബു ദഅ്വത്തദ്ദായി ഇദാ ദആനി ഫൽ യസ്തജീബൂലി വൽ യുഅ്മിനൂബി ലഅല്ലഹും യർശുദീൻ.** എന്റെ ദാസൻ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നീ പറയുക, ഞാൻ അവന്റെ അടുത്തുണ്ടെന്ന്. ദുആ ചെയ്യുന്നവൻ എന്നെ വിളിക്കുമ്പോൾ ഞാൻ അവന്റെ ദുആ സ്വീകരിക്കുന്നു. അതുകൊണ്ട് ദുആ ചെയ്യുന്നവനും എന്റെ കല്പനകൾ സ്വീകരിക്കട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. പറഞ്ഞു: റമളാൻ ദിവസം എത്രമാത്രം അനുഗൃഹീതമാണെന്നുവെച്ചാൽ, ആ ദിനങ്ങളിലെ ആരാധനാ കർമങ്ങൾക്കു ശേഷം എന്റെ ദാസൻ എന്നെക്കുറിച്ച് ചോദിക്കുമ്പോൾ നീ പറയുക ഞാൻ അവനോടു തികച്ചും അടുത്താണ്. **ഉജീബു ദഅ്വത്തദ്ദായി ഇദാ ദആൻ.** ദുആ ചെയ്യുന്നവൻ വിളിക്കുമ്പോൾ ഞാൻ അവന്റെ ദുആ സ്വീകരിക്കുന്നു. അതുകൊണ്ട് റമളാൻ മാസത്തിൽ വരുന്ന ജുമുഅകളുടെ പ്രാധാന്യം ഇരട്ടിയായിത്തീരുന്നു. പകലും ദുആ സ്വീകാര്യതയുടേതാണ്. രാത്രികളും ദുആ സ്വകാര്യതയുടേതാണ്. പക്ഷേ, അല്ലാഹു പറയുന്നു: ഏതു നിമിഷമാണ് ദുആ സ്വീകാര്യതയുടേതെന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ട് രാവും പകലും ദുആയിൽ കഴിയുക. അതിനാൽ ഈ നാളുകളിൽനിന്ന് നമ്മൾ കൂടുതൽ കൂടുതൽ ഫലമെടുക്കേണ്ടതാണ്. ഒന്ന് റമളാനിൽ പൊതുവെ അല്ലാഹു ശയ്ത്വാനെ കെട്ടിയിട്ട് സ്വർഗകവാടങ്ങൾ തുറന്നിരിക്കുകയാണ്. അവൻ ദാസരുടെ അടുത്തുവന്നിരിക്കുന്നു. റമളാനിലെ ജുമുഅകളിൽ നിന്നും പൂർണമായും ഫലമെടുക്കേണ്ടതാണ്. ഈ നാളുകളിൽ അങ്ങേയറ്റം എളിമയോടും ആത്മാർഥതയോടുംകൂടി അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹുവേ, എനിക്കു റമളാനിൽ മാത്രമല്ല പ്രത്യുത സാധാരണ അവസ്ഥകളിലും അത് എന്നിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കുന്നതിനും തഖ്‌വയിലൂടെ നടത്തുന്നതിനും ഞാൻ എന്നേക്കുമുള്ള സന്മാർഗപ്രാപ്തരിൽ ഉൾപെടുന്നവനായിത്തീരുന്നതിനും വേണ്ടി, രാത്രികാലങ്ങളിലേയും പകലുകളിലേയും ദുആ സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ നീ എന്നെ ഉൾപ്പെടുത്തേണമേ. ഞാൻ ഓതിയ ആദ്യത്തെ വചനത്തിൽ അല്ലാഹു നോമ്പിന്റെ ശ്രേഷ്ഠതയെ കുറിച്ചു പറഞ്ഞു. മറ്റു ജനതകൾക്കു നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം മുൻ ജനതകൾ നോമ്പു പിടിക്കാറുണ്ടായിരുന്നു. അതുകൊണ്ട് നിങ്ങളും പിടിക്കുക എന്നതല്ല. മറിച്ച് പറഞ്ഞതിന്റെ ഉദ്ദേശ്യം ഈ വചനത്തിന്റെ അവസാനം പറയപ്പെട്ടിരിക്കുന്ന **ലഅല്ലക്കും**

**തത്തഖൂൻ** എന്നതാണ്. നിങ്ങൾ ഭക്തിമാർഗം അവലംബിക്കുന്നതിനുവേണ്ടി. ആത്മീയവും ധാർമികവുമായ ദൗർബല്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി.

പിന്നീട് ഇവിടെ, ഞാനോതിയ ആയത്തിന്റെ അവസാനത്തിൽ **ലഅല്ലഹും യർശുദൂൻ** സദാചാരമാർഗം കരസ്ഥമാക്കുക എന്നും പറഞ്ഞിരിക്കുന്നു. റുശുദിന്റെ ഉദ്ദേശ്യം ശരിയായതും നേരെയായതുമായ വഴി എന്നാണ്. ശരിയായ കർമത്തിന്റേയും മാർഗ ദർശനത്തിന്റേയും വഴി. ശരിയായ സ്വഭാവങ്ങൾ. ബുദ്ധിയുടേയും, വിവേകജ്ഞാനത്തിന്റേയും പക്വത. ശരിയായ വഴിയിലുള്ള അതിന്റെ ഉപയോഗം. തന്റെ ആ അവസ്ഥയിൽ അനശ്വരതയും ദൃഢതയും കരസ്ഥമാക്കുക. മനുഷ്യൻ അല്ലാഹുവിന്റെ മുമ്പിൽ ആത്മാർഥതയോടെ കുനിയുമ്പോൾ ദുആസ്വീകാര്യതയുടെ ദൃശ്യം കാണുന്നതോടൊപ്പം തഖ്‌വയിലും നന്മയിലും നിലനിന്നുകൊണ്ട് തന്റെ വിശ്വാസത്തിലും ഭക്തിയിലും കരുത്തു നേടിക്കൊണ്ടുപോകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അങ്ങനെ സ്വരുക്കൂട്ടുന്നവരായിത്തീരുന്നു.

റമളാൻ അസംഖ്യം അനുഗ്രഹങ്ങളുടെ മാസമാണ്. പക്ഷേ, ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നത് അല്ലാഹുവിന്റെ കല്പനകൾ സ്വീകരിക്കുകയും ഈമാനിൽ വർധന ഉണ്ടാക്കുകയും ചെയ്യുന്നവർക്കാണ്. അതിനാൽ നന്മയിലും തഖ്‌വയിലും നിലനിന്നുകൊണ്ട് മാത്രമേ നമ്മുടെ ഈ ലക്ഷ്യം പ്രാപിക്കാൻ സാധിക്കുകയുള്ളൂ. **ഇൻശാഅല്ലാഹ്** ഞാൻ പറഞ്ഞതുപോലെ നമ്മൾ എളിമയും വിനയവും കാണിക്കേണ്ടതാണ്. തെറ്റുകൾ അംഗീകരിക്കണം. പിന്നീട് അല്ലാഹുവിനെ പ്രാപിക്കാൻ ശ്രമിക്കണം. അപ്പോൾ കനികളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിടിക്കുന്നതാണ്. മനുഷ്യനിൽ തെറ്റുകളുണ്ടായാലും പാപങ്ങളുണ്ടായാലും പിഴവുകൾ ഉണ്ടായാലും, അവന്റെ മനസ്സിൽ അല്ലാഹുവിനോടുള്ള ഭയം നിലനില്ക്കുകയാണെങ്കിൽ, തെറ്റു അംഗീകരിക്കുകയാണെങ്കിൽ, മനസ്സിൽ തഖ്‌വയുണ്ടെങ്കിൽ, അല്ലാഹു പാപങ്ങളെ പൊതിഞ്ഞുകൊണ്ടു പോകുന്നതാണ്. അവസാനം ഒരു ദിവസം അവന് തൗബ ചെയ്യാനുള്ള തൗഫീഖ് നല്കുകയും ചെയ്യും. അതിനാൽ ഏറ്റവുമധികം ഈ നാളുകളിൽ നമുക്കുവേണ്ടിയും നമ്മുടെ ബന്ധുക്കൾക്കു വേണ്ടിയും ജമാഅത്തംഗങ്ങൾക്കു വേണ്ടിയും നന്മകളിൽ ഓരോരുത്തർക്കും അല്ലാഹു തആല ഭക്തി തന്ന് അനുഗ്രഹിക്കുന്നതിനു വേണ്ടി ദുആ ചെയ്യേണ്ടതാണ്. പരസ്പരം നമ്മൾ വേദനയോടുകൂടി ദുആ ചെയ്യുകയാണെങ്കിൽ മലക്കുകളും നമുക്കു വേണ്ടി ദുആകളിൽ പങ്കുചേരുന്നതാണ്. റമളാനിലെ അനുഗ്രഹങ്ങളുടെ യഥാർഥവും സുസ്ഥിരവുമായ ദൃശ്യങ്ങളും നമ്മൾ കാണുന്നവരായിരിക്കും. തഖ്‌വ എന്താണ്? തഖ്‌വ അല്ലാഹുവിനോടുള്ള പേടിയും ഭയവുമാണ്. അല്ലാഹുവിനോടുള്ള പേടിയും ഭയവും നമ്മളിൽ നിലനില്ക്കുവോളം നമ്മുടെ കുറവുകളും പാപങ്ങളും അല്ലാഹു മറച്ചുവെച്ചുകൊണ്ടിരിക്കുന്നതാണ്. നമ്മൾ അവന്റെ സംരക്ഷണയിലായിരിക്കുന്നതാണ്.

ഈ മാസത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് അനുഗ്രഹം എടുക്കുന്നതിനുവേണ്ടി നമ്മളിൽ ഓരോരുത്തർക്കും അല്ലാഹുവിന്റെ അടിമകളാകാൻ പരിശ്രമിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ യോഗ്യതക്കുറവുകൊണ്ട് അല്ലാഹു നമ്മുടെ ദുആ സ്വീകരിക്കുന്നത് കുറച്ചു താമസിപ്പിച്ചാലും, കുട്ടിയുടെ സ്വഭാവം നന്നാക്കുന്നതിനുവേണ്ടി കുറച്ചു നേരത്തേക്ക് പിണങ്ങിയിരിക്കുന്ന മാതാവിനെ പോലെയായിരിക്കുമത്. അതിൽ കഠിനമായ ദേഷ്യമൊന്നുമുണ്ടാകുകയില്ല. പക്ഷേ, കുട്ടി ഉമ്മയുടെ സ്നേഹം കാരണത്താൽ ഉമ്മയുടെ അടുക്കൽ പോകുകയും ഉമ്മയെ കെട്ടിപിടിക്കുകയും ചെയ്യുന്നു. എന്നല്ല അതിനുമുമ്പേ പലപ്രാവശ്യം കുട്ടി എന്താണ് ചെയ്യുന്നതെന്നും തന്റെയടുത്ത് വരുന്നുണ്ടൊ എന്നും ഒളിക്കണ്ണിട്ട് നോക്കുകയും ചെയ്യുന്നുണ്ടാകും. എന്തായാലും കുട്ടി ചെല്ലുമ്പോൾ മാതാവിന്റെ വെറുപ്പ് അകന്നു പോകുന്നു. മാതാവിനേക്കാൾ അധികം പൊറുക്കുന്നവനായ അല്ലാഹു, താൻ മാപ്പുകൊടുക്കാൻ എപ്പോഴാണ് തന്റെയടുത്തേക്ക് തന്റെ ദാസൻ തൗബ ചെയ്തുവരുന്നതെന്ന് നോക്കിയിരിക്കുന്നു. നബി (സ)തിരുമേനിയും പറഞ്ഞു: അല്ലാഹുവാണ! തന്റെ ദാസൻ തൗബ ചെയ്യുമ്പോൾ അല്ലാഹു എത്രമാത്രം സന്തോഷിക്കുന്നുവെന്നാൽ, മരുഭൂമിയിൽ കളഞ്ഞുപോയ ഒട്ടകത്തെ തിരിച്ചു കിട്ടുമ്പോൾ യാത്രക്കാരൻപോലും അത്ര സന്തോഷിക്കുകയില്ല. ഈ റമളാൻ മാസത്തിലും ദാസൻ അല്ലാഹുവിനോടുള്ള സ്നേഹം മനസ്സിൽ വച്ചുകൊണ്ട്, മുഴുവൻ വർഷത്തേയും തെറ്റുകളും കുറ്റങ്ങളുമുണ്ടായിട്ടും അല്ലാഹു തന്റെ തൗബ സ്വീകരിക്കുമെന്ന നിയ്യത്തോടുകൂടി അവനിലേക്കു വന്നാൽ, അല്ലാഹു അവനെ കെട്ടിപ്പുണരുന്നതാണ്. നബി (സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു, ആരാണോ ഒരു ചാൺ എന്നിലേക്ക് അടുക്കുന്നത് ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നു. അവൻ ഒരു മുഴം എന്നിലേക്ക് അടുത്താൽ ഞാൻ അവനിലേക്ക് ഒരു വാര അടുക്കുന്നതാണ്. അവൻ എന്നിലേക്ക് നടന്നു വന്നാൽ ഞാൻ അവനിലേക്ക് ഓടിവരുന്നതാണ്. മാതാവിനേക്കാൾ ദയാലുവും തൗബ സ്വീകരിക്കുന്നതിനും തന്റെ ദാസനെ സന്തോഷിപ്പിക്കുന്നതിനുംവേണ്ടി വിവിധ സാഹചര്യങ്ങൾ ഒരുക്കിയിട്ടുള്ളവനുമായ അല്ലാഹുവിൽ നിന്ന് മനുഷ്യൻ ഫലമെടുക്കുന്നില്ലെങ്കിൽ അത് മനുഷ്യരുടെ ദൗർഭാഗ്യമാണ്. അവന്റെ മനസ്സിന്റെ കടുപ്പവുമാണ്.

അല്ലാഹുവിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ ചിത്രം ഈ ഉദാഹരണങ്ങളിൽ വരച്ചിട്ടിരിക്കുകയാണ്. പക്ഷേ, യഥാർഥത്തിൽ അല്ലാഹുവിന്റെ സ്നേഹത്തിന്റെ ചിത്രം ഈ ഉദാഹരണത്തേക്കാൾ എത്രയോ ഉയർന്നതാണ്. അല്ലാഹു ഏതൊരു സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണോ മനുഷ്യനെ നോക്കുന്നത്, അതു നമുക്ക് വരകളിലൊതുക്കാൻ സാധിക്കുകയില്ല. ഈ ഹദീഥുകളിൽനിന്നും അത് വ്യക്തമാണ്. ഉദാഹരണം നല്കിയും- യഥാർഥത്തിൽ ഈ ഉദാഹരണങ്ങൾ സ്നേഹത്തിന്റെ ഉന്നതമായ സ്ങ്കല്പം സ്ഥാപിക്കുന്നുണ്ടെങ്കിൽത്തന്നെയും അല്ലാഹുവിന് മനുഷ്യരോടുള്ള സ്നേഹം നിങ്ങളുടെ ഈ ഭൗതികമായ ഉദാഹരണത്തിന്റെ സങ്കല്പങ്ങൾക്കതീതമാണ്. അതിനെ വലയം ചെയ്യുക യഥാർഥത്തിൽ ദുഷ്കരമാണ്. ഈ സ്നേഹത്തിന്റെ മറ്റൊരുദാഹരണം നബി (സ) തിരുമേനി പറഞ്ഞത് സമർപ്പിക്കുകയാണ്. ബദ്ർ യുദ്ധത്തിൽ ശത്രുക്കൾ പരാജയപ്പെട്ടു കഴിഞ്ഞിരുന്നു. യുദ്ധം ഏതാണ്ട് അവസാനിച്ചിരുന്നു. അവി

ശ്വാസികളുടെ വലിയ വലിയ ധീരരായ പട്ടാളക്കാർ തങ്ങളുടെ യാത്രാ വാഹനങ്ങളിലിരുന്ന് അവയെ ചാട്ടവാർ കൊണ്ടടിച്ച് എത്രയും വേഗം യുദ്ധമൈതാനത്തുനിന്ന് ഓടുകയും മുസ്‌ലിംകളിൽനിന്ന് അകന്നു പോകുന്നതിന് ശ്രമിക്കുകയുമായിരുന്നു. ആ നേരത്ത് ഒരു സ്ത്രീ യുദ്ധമൈതാനത്ത് നിർഭയയായി പരതിനടക്കുകയാണ്. അവളിൽ ഒരാവേശവും ഭ്രാന്തമായ അഭിനിവേശവും നിഴലിട്ടിരുന്നു. അവൾ ചിലപ്പോൾ ഒരു കുട്ടിയെപൊക്കിയെടുക്കും. ചിലപ്പോൾ മറ്റൊരു കുട്ടിയെ പൊക്കിയെടുക്കും. നബി(സ) തിരുമേനി ആ സ്ത്രീയെ കണ്ടപ്പോൾ സ്വഹാബാക്കളോടു പറഞ്ഞു, ആ സ്ത്രീയുടെ കുട്ടി കളഞ്ഞു പോയിരിക്കുന്നു. അവൾ ആ കുട്ടിയെയാണ് തിരയുന്നത്. ഉമ്മയുടെ സ്നേഹം എത്ര അധിജയിച്ചു നില്ക്കുന്നുവെന്നാൽ താൻ യുദ്ധമൈതാനത്താണെന്നുള്ള ബോധം തന്നെ അവൾക്കില്ല. ഇവിടെയാണെങ്കിൽ നാലു ഭാഗത്തും നാശമാണ്. ആ സ്ത്രീ ഇങ്ങനെ ഭ്രാന്തായിക്കൊണ്ട് ചുറ്റിക്കറങ്ങുന്നു. ഏതൊരു കുട്ടിയെ കണ്ടാലും കെട്ടിപ്പിടിക്കുന്നു. എന്നാൽ, തന്റെ കുട്ടിയല്ലെന്ന് കാണുമ്പോൾ ഉപേക്ഷിച്ചുമുമ്പോട്ടു പോകുന്നു. അവസാനം അവൾക്ക് അവളുടെ കുട്ടിയെ കിട്ടുകയും അവൾ അവനെ മാറോടണയ്ക്കുകയും ചെയ്തു. തന്നോടൊപ്പം ചേർത്തു പിടിച്ചു. ഉമ്മവെച്ചു. പിന്നീട് കുട്ടിയേയും എടുത്ത് ഒഴിഞ്ഞ സ്ഥലത്തുപോയിരുന്നു. ഇത് യുദ്ധമൈതാനമാണെന്നോ ഇവിടെ നാലുഭാഗത്തും ശവശരീരങ്ങൾ ചിതറിക്കിടപ്പുണ്ടെന്നോ ഉള്ള ചിന്തയൊന്നും അവൾക്കില്ല. യുദ്ധം പൂർണമായും അവസാനിച്ചിട്ടില്ല എന്ന ചിന്തയുമില്ല. അവൾക്കു തന്നെ ജീവഹാനി സംഭവിക്കാം എന്ന വിചാരവുമില്ല. നബി(സ) തിരുമേനി പറഞ്ഞു, നിങ്ങൾ കണ്ടില്ലേ? അവൾക്കു തന്റെ കുഞ്ഞിനെ കിട്ടിയപ്പോൾ എത്രമാത്രം സമാധാനത്തോടെയാണ് മാറി ഇരുന്നത്. എന്നാൽ, അതിനു മുമ്പേ കുട്ടിയെ തിരഞ്ഞു നടക്കുമ്പോൾ എത്രമാത്രം വിഷമമാണ് പ്രകടമായിക്കൊണ്ടിരുന്നത്. അനിയന്ത്രിതയായിക്കൊണ്ട് ഓടുകയായിരുന്നു. പിന്നീട് നബി (സ) തിരുമേനി പറഞ്ഞു: അല്ലാഹുവിന് തന്റെ ദാസരോടുള്ള സ്നേഹത്തിന്റെ ഉദാഹരണം ഇതാണ്. എന്നല്ല അവൻ ഇതിനേക്കാളേറെ സ്നേഹിക്കുന്നു. മനുഷ്യൻ തന്റെ പാപങ്ങളും തെറ്റുകളും കാരണത്താൽ അല്ലാഹുവിനെ മറന്നിരിക്കുമ്പോൾ അല്ലാഹുവിന് അവനെ സംബന്ധിച്ച്, ആ സ്ത്രീക്ക് കുട്ടിയെ നഷ്ടപ്പെട്ടപ്പോൾ ഉണ്ടായതുപോലുള്ള വിഷമം ഉണ്ടാകുന്നു. എന്നാൽ, മനുഷ്യൻ തൗബ ചെയ്ത് മടങ്ങി വരുമ്പോൾ, കുട്ടിയെ കിട്ടിയ സ്ത്രീക്കുണ്ടായ സന്തോഷത്തേക്കാളധികം അല്ലാഹു സന്തോഷിക്കുന്നു. നമ്മൾ അല്ലാഹുവിനോടു പൊറുക്കലിനെ തേടാൻ തയ്യാറാകുകയും അതിനു പുറപ്പെടുകയും ചെയ്യുകയാണെങ്കിൽ. നമ്മുടെ അല്ലാഹു എപ്പോഴും പൊറുക്കാൻ തയ്യാറായിരിക്കുന്നവനാണ്.

ഇങ്ങനെയുള്ള സ്നേഹനിധിയായ ദൈവമാണെങ്കിൽ, എത്രത്തോളം നമ്മൾ ത്യാഗം ചെയ്ത് അവനിലേക്ക് അടുക്കേണ്ട ആവശ്യമാണുള്ളത്. എത്രത്തോളം അവന്റെ ദാസരാകേണ്ട ആവശ്യമാണുള്ളത്. ഈ അനുഗൃഹീതമാസത്തിൽ നമുക്ക് സത്താറുൽ ഉയൂബും (ന്യൂനതകൾ മറച്ചു വെക്കുന്നവൻ) ഗഫ്ഫാറുദ്ദുനൂബും (പാപങ്ങൾ പൊറുക്കുന്നവൻ) ആയ അല്ലാഹുവിലേക്ക് ഓടേണ്ട ആവശ്യമുണ്ട്. അവന്റെ മുമ്പിൽ കുനിയുന്നതിന് പൂർണമായും ശ്രമിക്കേണ്ട ആവശ്യമുണ്ട്. ശയ്ത്വാൻ ഓരോ മൂലയിലും നിന്നുകൊണ്ട് നമ്മെ തന്റെ അത്യാഗ്രഹങ്ങളിൽ കുടുക്കാനുള്ള ശ്രമത്തിലാണുള്ളത്. പക്ഷേ, നമ്മൾ അവയുമായി പോരാടിയും അല്ലാഹുവിന്റെ അഭയത്തിനായി ശ്രമിച്ചും അവന്റെ എല്ലാ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടണം. പരാജയപ്പെടുത്തണം. അവനേയും നമ്മളെ തന്നെയും അല്ലാഹുവിന്റെ യഥാർഥ ദാസരാക്കേണ്ടതാണ്. അപ്പോഴായിരിക്കും നമ്മൾ യഥാർഥമായ രീതിയിൽ റമളാനിൽ നിന്ന് ഫലമെടുക്കുന്നവരാകുക. നമ്മൾ നമ്മുടെ ദുആകളെ, നമ്മളിലും നമ്മുടെ ബന്ധുക്കളിലും മാത്രം പരിമിതമാക്കരുത്. പ്രത്യുത അതിനെ ഒരു പാട് വിശാലമാക്കേണ്ടതാണ്. അപ്പോഴായിരിക്കും നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലാണെന്നതിന്റെ കടമ നിറവേറ്റുന്നവരാകുന്നത്. അപ്പോഴാണ് അല്ലാഹു തന്റെ ഔദാര്യംകൊണ്ട് നമ്മെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ഉൾപ്പെടുത്തിയതിനുള്ള നന്ദി രേഖപ്പെടുത്തുന്നവരാകുന്നത്. നമ്മെ ഈ ജമാഅത്തിൽ ചേർത്തിയതിനു ശേഷം നമ്മുടെ ജോലി അവസാനിച്ചിട്ടില്ല. അഹ്മദിയായതിനുശേഷം നമ്മൾ 'അഹ്മദിയായി' എന്നത് മതിയാകുകയില്ല. പ്രത്യുത അല്ലാഹു നമ്മളിൽ ഇട്ട ഒരുപാട് ഉത്തരവാദങ്ങളുണ്ട്. ആ ഉത്തരവാദങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്യാൻ ജമാഅത്തിനോട് പറഞ്ഞിരിക്കുന്നു. ജമാഅത്തിന്റെ പുരോഗതിയിൽ നമ്മൾ സഹായികൾ ആകുന്നതിനുവേണ്ടി. നമ്മൾ അശക്തരാണ്. ദുർബലരാണ്. നമ്മളുടെ തെറ്റുകൾ സമ്മതിക്കുന്നവരാണ്. നമ്മുടെ അയോഗ്യതയേയും അംഗീകരിക്കുന്നു. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും ഒരു മഹത്തായ ലക്ഷ്യം നേടുന്നതിനുള്ള ചുമതല ഏല്പിക്കപ്പെട്ട ഒരു കൂട്ടരാണ് നമ്മൾ. ഈ ഉത്തരവാദം അല്ലാഹുവിന്റെ ഫള്‌ലിനെ ആകർഷിച്ചെടുക്കാതെ നിർവഹിക്കപ്പെടുകയില്ല.

നമ്മൾ ദുആയിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. നമ്മൾ ദുർബലരുമാണ്. അശക്തരുമാണ്. ജോലി വളരെ വലുതാണ്. നമ്മുടെ ശ്രദ്ധകൊണ്ടുമാത്രം ഇതു പൂർത്തിയാകുകയില്ല. അതേ! ഞങ്ങൾ നിന്റെ കല്പനയനുസരിച്ച് എല്ലാ ത്യാഗങ്ങൾക്കും തയ്യാറാണ്. അതുകൊണ്ട് അസാധ്യമായതിനെ സാധ്യമാക്കാൻ വേണ്ട, നീയും നിന്റെ ഫള്‌ലുകൊണ്ട് ഈ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള ആ മറഞ്ഞ മാർഗങ്ങളെ വെളിപ്പെടുത്തുകയും അതുമുഖേന ഞങ്ങളുടെ സഹായിക്കുകയും ചെയ്യുക. യാഥാർഥ്യവും ഇതു തന്നെയാണ്. അല്ലാഹു നമ്മെ ബാഹ്യമായ ആയുധമാക്കിയിരിക്കുന്നു. ലോകത്തെ കീഴടക്കേണ്ടതായ യഥാർഥ ആയുധം അത് മറ്റൊരു ആയുധമാണ്. എന്നാൽ, ആ വിജയം കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു വേദന നമ്മുടെ മനസ്സുകളിൽ എന്തായാലും ഉണ്ടാവണം. ആ വേദന ദുആകളുടെ രൂപത്തിൽ നമ്മുടെ മനസ്സുകളിൽനിന്ന് പുറപ്പെടേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരു ഉദാഹരണം നല്കിയിരിക്കുന്നു. മുഹമ്മദു റസൂലുല്ലാഹി (സ) ബദ്ർ മൈതാനത്ത് കല്ലെടുത്തെറിഞ്ഞതുതന്നെയാണ് നമ്മുടെ ഉദാഹരണം. അല്ലാഹു പറയുന്നു: **"മാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ"** നീ കല്ലെറിഞ്ഞപ്പോൾ

നീയല്ല എറിഞ്ഞത് അല്ലാഹുവാണ് എറിഞ്ഞത്. നീയാണ് എറിഞ്ഞതെങ്കിൽ അല്പം ദൂരെചെന്ന് അത് പതിക്കുമായിരുന്നു. എന്നാൽ, നീ അല്ല അതെറിഞ്ഞത് നാമാണ് എറിഞ്ഞത്. ഇവിടെ അല്ലാഹു പറയുന്നു: നാം പൊടിക്കാറ്റ് ചലിപ്പിച്ചു. ഇക്കാരണത്താൽ പൊടിക്കാറ്റ് കോടിക്കണക്കിന് കല്ലുകൾ എടുത്ത് അവിശ്വാസികളുടെ കണ്ണുകളിലിട്ടു. തൽഫലമായി അവരുടെ കണ്ണുകൾ അടഞ്ഞു. ആക്രമണത്തിൽ പരാജിതരായി. ആ ഒരുപിടി ചെറുകല്ലുകൾക്കു പിന്നിൽ യഥാർഥ ശക്തി അല്ലാഹുവിന്റെ ശക്തിപ്രഭാവമായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി തന്റെ കൈയിലെടുക്കുകയും അവിശ്വാസികളുടെ നേരെ എറിയുകയും ചെയ്ത ബദറിൽ കണ്ട ആ പൊടിക്കല്ലുകളുടേതാണ് നമ്മുടെ നിലയും വിലയും. നബി (സ) തിരുമേനി എറിഞ്ഞ ഈ പൊടിക്കല്ലുകൾ അവിശ്വാസികളെ അന്ധരാക്കിയിരുന്നില്ല. പ്രത്യുത പൊടിക്കാറ്റിന്റെ രൂപത്തിൽ അല്ലാഹു പറപ്പിച്ച ആ പൊടിക്കല്ലുകളാണ് അവരെ അന്ധരാക്കിയത്.

അതുകൊണ്ട് ഈ ദിനങ്ങളിൽ ഒരുപാട് ദുആ ചെയ്യുക. നമുക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും. ജമാഅത്തിന്റെ അഭിവൃദ്ധിക്കും. ശത്രുക്കളുടെ പരാജയത്തിനും അപചയത്തിനുംവേണ്ടിയും അല്ലാഹുവിന്റെ പ്രതാപവും പ്രൗഢിയും വെളിപ്പെടുന്നതിനു വേണ്ടിയും ദുആ ചെയ്യുക. ലോകം അല്ലാഹുവിനെ നിഷേധിച്ചുകൊണ്ടേ പോകുകയാണ്. അല്ലാഹുവിനെ തിരിച്ചറിയുന്നവരാകാൻ അല്ലാഹു അവരെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമ്മുടെ വീഴ്ചകളേയും പോരായ്മകളേയും പൊറുക്കുമാറാകട്ടെ. ഇസ്‌ലാമിനെ മുഴു മതങ്ങളുടേയുംമേൽ വിജയിപ്പിക്കാനുള്ള ശക്തി അല്ലാഹു നമ്മളിലും സൃഷ്ടിക്കുമാറാകട്ടെ. നമ്മളിൽ ഓരോരുത്തരേയും ഇസ്‌ലാമിന്റെ യഥാർഥ സേവകരാകട്ടെ. ദുൻയാവിനോടുള്ള ആഗ്രഹങ്ങൾ നമ്മുടെ രണ്ടാം സ്ഥാനത്തുള്ളതാകുമാറാകട്ടെ. മതത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി നമ്മുടെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തുക എന്ന വികാരംകൊണ്ട് നമ്മുടെ മനസ്സ് നിറയുമാറാകട്ടെ. ശത്രുവിന്റെ ശക്തിയും കഴിവും നമുക്കെതിരെ ഒന്നുമല്ലാത്തതാകും വിധം അല്ലാഹു നമ്മുടെ കർമങ്ങളും കഴിവുകളും ശക്തിയുള്ളതാക്കട്ടെ. അവർ നിന്ദ്യരായിത്തീരട്ടെ. അല്ലാഹു നമ്മുടെ തെറ്റുകളെ പൊറുക്കുക മാത്രമല്ല പ്രത്യുത നമ്മുടെ മനസ്സുകളിൽ അവന്റെ കല്പനകളെ ലംഘിക്കും വിധമുള്ള പാപങ്ങളോടു വെറുപ്പുളവാക്കുമാറാകട്ടെ. അല്ലാഹു പറഞ്ഞിട്ടുള്ളവരിൽ, അതായത് നിങ്ങൾ എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക, എന്നിൽ വിശ്വസിക്കുക എന്നു പറഞ്ഞവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. നന്മകളോടും സൽകർമങ്ങളോടും നമുക്ക് സ്നേഹമുണ്ടാകുമാറാകട്ടെ. തഖ്‌വ നമ്മുടെ മനസ്സുകളിൽ ശക്തമായി ഉറയ്ക്കുമാറാകട്ടെ. അല്ലാഹുവിനോടുള്ള സ്നേഹവും പ്രണയവും നമ്മുടെ ആഹാരമായിത്തീരട്ടെ. നമ്മുടെ ഓരോ കർമവും ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തിക്കനുസൃതമായിത്തീരട്ടെ. നമ്മൾ അവന്റെ തിരുസന്നിധിയിൽ ഹാജരാകുമ്പോൾ, അവന്റെ തൃപ്തിയുടെ ആജ്ഞാപത്രം നമുക്ക് തരുന്നവനാകട്ടെ. ഇതെല്ലാം റമളാൻമാസത്തിൽ കരസ്ഥമാക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 19.06.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala